# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 23.06.2024**

### പ്രധാനവാർത്തകൾ

1. പതിനെട്ടാം ലോക് സഭയുടെ ആദ്യ സമ്മേളനത്തിന് നാളെ തുടക്കമാകും. രാജ്യസഭാ സമ്മേളനം വ്യാഴാഴ്ച ആരംഭിക്കും.

2. ഒ. ആർ. കേളു മന്ത്രിയായി ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. ചടങ്ങ് വൈകിട്ട് രാജ്ഭവനിൽ.

3. മ്യാൻമർ-തായ്‌ലൻഡ് വ്യാജ റിക്രൂട്ട്മെന്റ് റാക്കറ്റുകൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് വിദേശകാര്യ മന്ത്രാലയത്തിന്റെ മുന്നറിയിപ്പ്.

4. ഐ.എസ്.ആർ.ഒ.യുടെ പുനരുപയോഗ വിക്ഷേപണ വാഹനത്തിന്റെ പരീക്ഷണ ലാൻഡിങ് വിജയം.

5. സംസ്ഥാനത്ത് ബുധനാഴ്ച വരെ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് ചുവപ്പു ജാഗ്രത.

6. ടി 20 ലോകകപ്പിൽ ഓസ്ട്രേലിയക്കെതിരെ അഫ്ഗാനിസ്ഥാന് 21 റൺസ് വിജയം. ഇംഗ്ലണ്ട് - യു എസ് മത്സരം രാത്രി എട്ടിന്.

*********************************************

RNUTVPM

ഹെഡ്‌ലൈൻ-1

## ലോക്സഭാ സമ്മേളനം

പതിനെട്ടാം ലോക് സഭയുടെ ആദ്യ സമ്മേളനത്തിന് നാളെ തുടക്കമാകും. ലോക് സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരുടെ സത്യപ്രതിജ്ഞക്ക് നേതൃത്വം നൽകുന്ന പ്രോടെം സ്പീക്കർ ഭർതൃഹരി മഹ്താബ്, സഭാംഗങ്ങൾക്ക് സത്യവാചകം ചൊല്ലിക്കൊടുക്കും. സ്പീക്കർ തിരഞ്ഞെടുപ്പ് ബുധനാഴ്ച നടക്കും. വ്യാഴാഴ്ച്ച രാഷ്ട്രപതി ദ്രൗപദി മുർമു പാർലമെന്റിന്റെ ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യും. രാജ്യസഭാ സമ്മേളനവും വ്യാഴാഴ്ച്ചയാണ് ആരംഭിക്കുക. അടുത്ത മാസം മൂന്ന് വരെയാണ് പാർലമെന്റ് സമ്മേളനം.

*************************************************

RNU TVPM

## നീറ്റ് പിജി

പരീക്ഷകളുടെ സുതാര്യത സംബന്ധിച്ച് ഉയർന്നുവരുന്ന ആരോപണങ്ങൾ കണക്കിലെടുത്താണ് ഇന്ന് നടത്താനിരുന്ന നീറ്റ്-പിജി പ്രവേശന പരീക്ഷ മാറ്റിവച്ചതെന്ന് ആരോഗ്യമന്ത്രാലയം അറിയിച്ചു. പരീക്ഷയുടെ പുതുക്കിയ തീയതി പിന്നീട് പ്രഖ്യാപിക്കും. നീറ്റ്-പിജി പ്രവേശന പരീക്ഷാപ്രക്രിയകൾ സമഗ്രമായി വിലയിരുത്താൻ തീരുമാനിച്ചതായും മന്ത്രാലയം വ്യക്തമാക്കി. അതേസമയം, 2024ലെ നീറ്റ് -യുജി പരീക്ഷയിലെ ക്രമക്കേടുകൾ സമഗ്രമായി അന്വേഷിക്കുന്നതിന് വിദ്യാഭ്യാസ മന്ത്രാലയം സിബിഐയെ നിയോഗിച്ചു.

*************************************************

ഹെഡ്‌ലൈൻ-4

## ഐ എസ് ആർ ഒ- പരീക്ഷണം

പുനരുപയോഗ വിക്ഷേപണ വാഹനം വിജയകരമായി പരീക്ഷിച്ച് ഐ എസ് ആർ ഒ. ഇന്ന് നടന്ന മൂന്നാമത്തെ RLV പരീക്ഷണ ലാൻഡിങ് വിജയമായതായും, വാഹനം വെല്ലുവിളി നിറഞ്ഞ സാഹചര്യങ്ങളിൽ കൃത്യമായി ലാൻഡ് ചെയ്യാനുള്ള ശേഷി തെളിയിച്ചതായും ഐ എസ് ആർ ഒ വ്യക്തമാക്കി. രാവിലെ ഏഴ് പത്തോടെ കർണ്ണാടകയിലെ ചിത്രദുർഗ ടെസ്റ്റ് റേഞ്ചിലായിരുന്നു പരീക്ഷണം. ഇന്ത്യൻ വ്യോമസേനാ ഹെലികോപ്റ്ററിൽ നിന്ന് താഴേക്ക് വിട്ട 'പുഷ്പക്' വിക്ഷേപണ വാഹനം കൃത്യതയോടെ റൺവേയിൽ ഇറങ്ങുകയായിരുന്നു. പരീക്ഷണത്തിന് പിന്നിൽ പ്രവർത്തിച്ചവരെ ഐ എസ് ആർ ഒ ചെയർമാൻ എസ് സോംനാഥ് അഭിനന്ദിച്ചു.

*************************************************

ഹെഡ്‌ലൈൻ-2

**ഒ ആർ കേളു**

കേരള മന്ത്രിസഭയിൽ പട്ടികജാതി പട്ടികവർഗക്ഷേമ മന്ത്രിയായി മാനന്തവാടി എംഎൽഎ ഒ ആർ കേളു ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. വൈകിട്ട് രാജ്ഭവനിൽ നടക്കുന്ന ചടങ്ങിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സത്യവാചകം ചൊല്ലിക്കൊടുക്കും. മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാർ, ഉന്നത ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും. മുൻ മന്ത്രി കെ രാധാകൃഷ്ണൻ ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതിനാൽ രാജി സമർപ്പിച്ചിരുന്നു. ഇതിനെ തുടർന്നാണ് ഒ ആർ കേളു മന്ത്രിസഭയിലേക്ക് എത്തുന്നത്.

*************************************************

**പക്ഷിപ്പനി - ആലപ്പുഴ (ഇൻട്രോ)**

RNU TVPM

ആലപ്പുഴ ജില്ലയിലെ വടക്കൻ മേഖലയിലെ പക്ഷിപ്പനി തെക്കു കിഴക്കൻ മേഖലകളിലേക്കും പടരുകയാണ്. സർക്കാർ ഹാച്ചറിയിലെ കോഴികൾക്കും രോഗം സ്ഥിരീകരിച്ചത് വലിയ രീതിയിലുള്ള ആശങ്ക സൃഷ്ടിക്കുന്നു.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ...**

(വോയിസ്)

**************************************************

**ഹെഡ്‌ലൈൻ-3**

**വ്യാജ റിക്രൂട്ട്മെന്റ് റാക്കറ്റുകൾ**

RNU TVPM

മ്യാൻമർ-തായ്‌ലൻഡ് അതിർത്തിമേഖല കേന്ദ്രീകരിച്ച് ഇന്ത്യക്കാരെ ലക്ഷ്യം വച്ചുള്ള വ്യാജ റിക്രൂട്ട്മെന്റ് റാക്കറ്റിനെക്കുറിച്ച് ജാഗ്രത പാലിക്കണമെന്ന് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ മുന്നറിയിപ്പ്. മ്യാൻമർ-തായ്‌ലൻഡ് അതിർത്തിയിലെ മ്യാവഡി മേഖലയിൽ സജീവമായ അന്താരാഷ്ട്ര കുറ്റകൃത്യ സംഘങ്ങൾ വ്യാജ ജോലി വാഗ്ദാനങ്ങൾ നൽകി ഇന്ത്യൻ പൗരന്മാരെ ഇരകളാക്കുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിലാണ് നിർദ്ദേശം. സാമൂഹിക മാധ്യമങ്ങളിലൂടെയോ മറ്റ് സ്ഥിരീകരിക്കാത്ത ഉറവിടങ്ങളിലൂടെയോ പ്രചരിക്കുന്ന തൊഴിൽ വാഗ്ദാനങ്ങളിൽ വഞ്ചിതരാകരുതെന്നും, ഏത് അന്വേഷണത്തിനും യാംഗൂണിലെ ഇന്ത്യൻ എംബസിയുമായി ബന്ധപ്പെടാമെന്നും മന്ത്രാലയം വ്യക്തമാക്കി.

**************************************************

**ഒളിമ്പിക് ദിനം**

ഇന്ന് അന്താരാഷ്ട്ര ഒളിമ്പിക് ദിനം. 1894 ജൂൺ 23 ന് പാരീസിൽ അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റി സ്ഥാപിതമായതിന്റെ ഓർമ്മക്കാണ് എല്ലാ വർഷവും ജൂൺ 23 ഒളിമ്പിക് ദിനമായി ആചരിക്കുന്നത്. ഐക്യവും സമാധാനവും വളർത്തുന്നതിൽ കായിക മേഖലയ്ക്കുള്ള കഴിവിനെ ആഘോഷിക്കാൻ ഒളിമ്പിക് ദിന സന്ദേശത്തിൽ കേന്ദ്ര കായിക മന്ത്രി മന്‌സൂഖ് മാണ്ഡവ്യ ആഹ്വാനം ചെയ്തു. ഈ വർഷം നടക്കാനിരിക്കുന്ന പാരീസ് ഒളിമ്പിക്സിൽ പങ്കെടുക്കുന്നവർക്ക് ആശംസകളും അദ്ദേഹം നേർന്നു.

**************************************************

## തിരുവനന്തപുരം - ഒളിമ്പിക് ദിനാഘോഷം

അന്താരാഷ്ട്ര ഒളിമ്പിക് ദിനാഘോഷത്തിന്റെ ഭാഗമായി ഒളിമ്പിക് അസോസിയേഷന്റെ നേതൃത്വത്തിൽ ഒളിമ്പിക് റൺ സംഘടിപ്പിച്ചു. തിരുവനന്തപുരം മാനവിയം വീഥിയിൽ നിന്നും ആരംഭിച്ച റൺ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഫ്ലാഗ് ഓഫ് ചെയ്തു. കേന്ദ്രമന്ത്രി സുരേഷ് ഗോപി മുഖ്യാതിഥി ആയി പങ്കെടുത്ത ചടങ്ങിൽ മന്ത്രിമാരായ വി ശിവൻകുട്ടി, ആർ അനിൽ, ഒളിമ്പിക് അസോസിയേഷൻ ഭാരവാഹികൾ, കായിക പ്രതിഭകൾ തുടങ്ങിയവർ പങ്കെടുത്തു.

RNUTVPM

**************************************************

## വയനാട് - കടുവ

വയനാട് കേണിച്ചിറ എടക്കാട് പ്രദേശത്ത് കടുവയുടെ ആക്രമണം തുടരുന്നു. ശനിയാഴ്ച രാത്രി ജനവാസ കേന്ദ്രത്തിൽ ഇറങ്ങിയ കടുവ മൂന്നു പശുക്കളെ കൊന്നു. ഇതോടെ മൂന്നു ദിവസത്തിനിടെ കടുവ ആക്രമണത്തിൽ ചത്ത പശുക്കളുടെ എണ്ണം നാലായി. ഭീതിയിലായ പ്രദേശവാസികൾ കടുവയെ മയക്കുവെടിവച്ച് പിടിക്കണമെന്ന

ആവശ്യവുമായി കേണിച്ചിറയിൽ രാവിലെ റോഡ് ഉപരോധം നടത്തി.

**************************************************

## വന മന്ത്രി - എ കെ ശശീന്ദ്രൻ

കേണിച്ചിറയിലും പരിസര പ്രദേശങ്ങളിലും പശുക്കളെ കൊല്ലുകയും ഭീതിപരത്തുകയും ചെയ്യുന്ന കടുവയെ പിടി കൂടുന്നതിന് വനം വകുപ്പിന് മന്ത്രി എ.കെ ശശീന്ദ്രൻ നിർദേശം നൽകിയതായി വയനാട് ജില്ലാ കളക്ടർ അറിയിച്ചു. കൂട് വെച്ച് പിടികൂടാനായില്ലെങ്കിൽ മയക്ക് വെടിവെച്ച് പിടികൂടും. ഇതിനുള്ള നിയമാനുസൃത നടപടികൾ പൂർത്തിയാക്കി ഉടൻ അനുമതി നൽകാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് നിർദേശം നൽകിയിട്ടുണ്ട്. ഇതിനായി വെറ്ററിനറി ഡോക്ടർമാരുടെ സംഘം സ്ഥലത്തെത്തും. സൗത്ത് ഡി.എഫ് ഒ, എ.ഡി.എം എന്നിവർ ഉടൻ സ്ഥലത്തെത്തും

RNU TVPM

**************************************************

## ഹെഡ്‌ലൈൻ-5

**മഴ**

സംസ്ഥാനത്ത് ബുധനാഴ്ച വരെ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അതി തീവ്ര മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചു. എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർക്കോട് ജില്ലകളിൽ ഓറഞ്ചു ജാഗ്രതയാണ്. മറ്റു ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. കേരള-കർണ്ണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ബുധനാഴ്ച വരെ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്. ഈ ദിവസങ്ങളിൽ

മൽസ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

**************************************************

**ലക്ഷദ്വീപ്**

ലക്ഷദ്വീപിലെ വിവിധ ദ്വീപുകളിൽ ശക്തമായ മഴയും കാറ്റും തുടരുകയാണ്. ആന്ത്രോത്ത് ദ്വീപിൽ എഞ്ചിൻ തകരാറിനെ തുടർന്ന് മത്സ്യബന്ധന ബോട്ട് കരയ്ക്കടിഞ്ഞു. മത്സ്യതൊഴിലാളികളും നാട്ടുകാരും ചേർന്ന് രക്ഷാപ്രവർത്തനം നടത്തി.

**************************************************

**ഹെഡ്‌ലൈൻ-6**

**ലോകകപ്പ് ക്രിക്കറ്റ്**

ടി 20 ലോകകപ്പ് ക്രിക്കറ്റിൽ സൂപ്പർ എട്ട് മത്സരത്തിൽ ഓസ്ട്രേലിയക്കെതിരെ അഫ്ഗാനിസ്ഥാന് 21 റൺസ് വിജയം. ഇന്ന് കിംഗ്സ്റ്റണിൽ നടന്ന മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത അഫ്ഗാനിസ്ഥാൻ 20 ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 148 റൺസെടുത്തു. മറുപടി ബാറ്റിംഗിൽ ഓസ്ട്രേലിയ 127 റൺസിന് പുറത്തായി. ഗ്രൂപ്പ് രണ്ടിൽ ഇന്ന് രാത്രി എട്ടിന് നടക്കുന്ന മത്സരത്തിൽ ഇംഗ്ലണ്ട് യു എസ് എയെ നേരിടും.

**************************************************

**ക്രിമിനൽ നിയമങ്ങൾ - ചർച്ച**

രാജ്യത്ത് പുതിയ മൂന്ന് ക്രിമിനൽ നിയമങ്ങൾ ജൂലൈ ഒന്നിന് പ്രാബല്യത്തിൽ വരികയാണ്. ഇതേക്കുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താവിഭാഗം തയാറാക്കിയ പ്രത്യേക ചർച്ച ഇന്ന് രാത്രി 8:15ന് പ്രക്ഷേപണം ചെയ്യും.

PNU TVPM

**************************************************

**കാസർഗോഡ് - ജലശക്തി അഭിയാൻ (ഇൻട്രോ)**

കാസർഗോഡ് ജില്ലയിൽ ജലശക്തി അഭിയാൻ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് കേന്ദ്രസംഘം ഈ മാസം 26, 27, 28 തീയ്യതികളിൽ സന്ദർശനം നടത്തും. ജലശക്തി അഭിയാൻറെ ഭാഗമായി പൂർത്തീകരിച്ചതും നടന്നുവരുന്നതുമായ പദ്ധതികൾ ഇതോടൊപ്പം അവലോകനം ചെയ്യും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി. ജഗന്നിവാസൻ...**

**(വോയിസ്)**

RNU TVPM

**************************************************

**എറണാകുളം - അപകടം**

എറണാകുളം മാടവനയിൽ ട്രാഫിക് സിഗ്നലിൽ ഇടിച്ച സ്വകാര്യ ബസ്സ് മറിഞ്ഞ് ബൈക്ക് യാത്രക്കാരൻ മരിച്ചു. ബംഗളുരുവിൽ നിന്ന് വർക്കലയിലേക്ക് പോവുകയായിരുന്ന ബസ്സ് ഇടപ്പള്ളി - അരൂർ ദേശീയ പാതയിൽ ബൈക്കിന് മുകളിലേക്ക് മറിഞ്ഞ് ഇടുക്കി വാഗമൺ സ്വദേശി ജിജോ സെബാസ്റ്റ്യനാണ് മരിച്ചത്.

**************************************************

**കോഴിക്കോട് - സാഹിത്യ നഗരം**

കോഴിക്കോടിനെ ഇന്ത്യയിലെ ആദ്യ സാഹിത്യ നഗരമായി തെരഞ്ഞെടുത്തതിന്റെ പ്രഖ്യാപനം ഇന്ന് വൈകിട്ട് തളി ജൂബിലി ഹാളിൽ മന്ത്രി എം ബി രാജേഷ് നിർവഹിക്കും. ചടങ്ങിൽ കോർപ്പറേഷൻ വജ്ര ജൂബിലി പുരസ്കാരം

എഴുത്തുകാരൻ എം ടി വാസുദേവൻ നായർക്ക് മന്ത്രി സമ്മാനിക്കും. സാഹിത്യ നഗരത്തിന്റെ ലോഗോ പ്രകാശനവും വെബ് സൈറ്റ് ഉദ്ഘാടനവും മന്ത്രി പി എ മുഹമ്മദ് റിയാസ് നിർവഹിക്കും. സാഹിത്യ നഗര കേന്ദ്രത്തിന്റെ പ്രഖ്യാപനം കൈതപ്രം ദാമോദരൻ നമ്പൂതിരി നിർവഹിക്കും.

**************************************************

## കോഴിക്കോട് - മഞ്ഞപ്പിത്ത പ്രതിരോധം

കോഴിക്കോട് ജില്ലയിൽ മഞ്ഞപ്പിത്ത പ്രതിരോധം ഊർജിതമാക്കിയതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. രോഗത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിന് വിവിധ പ്രവർത്തനങ്ങൾ നടത്തി വരികയാണ്. രോഗലക്ഷണങ്ങൾ കണ്ടാൽ പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്നും ഡി എം ഒ പറഞ്ഞു.

**************************************************

## പി പ്രസാദ്

നെൽവയലുകളുടെ സംരക്ഷണം ഗൗരവത്തോടെ കാണുന്ന കാര്യമാണെന്നും, നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിൻറെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് ഉദ്യോഗസ്ഥർ പ്രവർത്തിക്കണമെന്നും കൃഷിമന്ത്രി പി പ്രസാദ്. കായംകുളത്ത്, ഞാറ്റുവേല ചന്തയുടെയും കർഷകസഭകളുടെയും സംസ്ഥാന തല ഉൽഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. ഓണാട്ടുകര എള്ളിന് ഭൗമ സൂചിക പദവി ലഭിച്ചത് അഭിമാനകാരമെന്നും, ഓണാട്ടുകരയിലെ കർഷകരുടെ ഉൽപ്പന്നങ്ങളുടെ വിൽപ്പനയ്ക്കായി വിപണനകേന്ദ്രം ആരംഭിക്കുമെന്നും ശ്രീ. പി പ്രസാദ് പറഞ്ഞു.

RNU TVPM

*

***************************

******************************************************

RNU TVPM